4. ആലപ്പുഴ ജില്ലയിലെ പള്ളിപ്പാട് പഞ്ചായത്തിൽ ഒരു താറാവ് വളർത്തൽ ഫാം തുടങ്ങുവാനുള്ള നടപടികൾ ദ്രുതഗതിയിൽ നടക്കുന്നു.

(സി) കേരളത്തിലെ മൃഗാശുപത്രികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.* മൃഗാശുപത്രികൾ പ്രയോജനപ്രദമല്ലെന്ന പരാതികൾ ലഭിച്ചിട്ടില്ല.

(സി) വെറ്ററിനറി ഡിസ്പെൻസറികളിൽ ഡോക്ടർമാർ ഇല്ലെന്ന പരാതിയെ തുടർന്ന് ഒഴിവുള്ള തസ്തികകളിൽ അത്യാവശ്യം കരാർ അടിസ്ഥാനത്തിൽ വെറ്ററിനറി സർജൻമാരെ നിയമിക്കുന്നതിന് ബന്ധപ്പെട്ട ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്ന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് ഒഴിവുള്ള മൃഗാശുപത്രികളിൽ ഡോക്ടർമാരെ നിയമിക്കുന്നതാണ്. മൃഗാശുപത്രികളിൽ ആവശ്യത്തിന് മരുന്നുകൾ ലഭ്യമല്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2014-15 വരെയുള്ള വർഷങ്ങളിൽ മൃഗസംരക്ഷണ വകുപ്പിലെ സ്ഥാപനങ്ങളിലേയ്ക്ക് മരുന്നുകൾ വാങ്ങുന്നതിനായി 8 കോടി രൂപയാണ് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്നത്. എന്നാൽ കൂടുതൽ തുക ആവശ്യപ്പെട്ടതിൻപ്രകാരം ഈ വർഷം (2015-16) 9 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുപയോഗിച്ച് ആശുപത്രികൾക്ക് ആവശ്യമായ മരുന്നുകൾ വാങ്ങി നൽകുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. മാത്രമല്ല മൃഗാശുപത്രികളിൽ മരുന്നിന് ആവശ്യം വരുമ്പോഴൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽനിന്നും മരുന്ന് വാങ്ങി മൃഗാശുപത്രികൾക്ക് നൽകുന്നുമുണ്ട്.

ക്ഷീരകർഷകർക്ക് കാലിത്തീറ്റ ലഭ്യമാക്കാൻ നടപടി

221 (1591) ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് ക്ഷീരകർഷകർക്ക് ആവശ്യമായി വരുന്ന കാലിത്തീറ്റ ലഭ്യമാക്കാൻ മിൽമയ്ക്ക് കഴിയുന്നുണ്ടോയെന്നു അറിയിക്കുമോ ;

(ബി) ഇല്ലെങ്കിൽ മിൽമയുടെ കാലിത്തീറ്റ നിർമ്മാണശേഷി വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റതിനുശേഷം സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദീകരണം നൽകാമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

852/2017.

LIBRARY ARCHIVES Kerala Legislative Assembly

(സി) മിൽമ ഇപ്പോൾ കാലിത്തീറ്റ ഉല്പാദിപ്പിക്കുന്ന പ്ലാന്റുകളുടെ വിശദാംശങ്ങൾ നൽകാമോ ; ഇവ ഓരോന്നിലും എത്രമാത്രം അളവിൽ കാലിത്തീറ്റ ഉല്പാദിപ്പിക്കപ്പെടുന്നുവെന്ന കണക്ക് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ മിൽമയുടെ ക്ഷീരസംഘങ്ങളിൽനിന്നും മിൽമയ്ക്ക് ലഭിക്കുന്ന ഇൻഡന്റുകൾ മുഴുവനായും വിതരണം ചെയ്യുവാൻ സാധിക്കുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം മിൽമ കാലിത്തീറ്റ ഫാക്ടറികളുടെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി കേന്ദ്ര-കേരള സർക്കാരുകളുടെ ഭാഗികമായ സാമ്പത്തിക സഹായത്തോടുകൂടി മലമ്പുഴ കാലിത്തീറ്റ ഫാക്ടറിയിലും പട്ടണക്കാട് കാലിത്തീറ്റ ഫാക്ടറിയിലും പുതിയ മൊളാസസ് ടാങ്കുകൾ, നവീകരിച്ച ലബോറട്ടറി സൗകര്യങ്ങൾ, എൻ.ഐ.ആർ. അനലൈസർ പോലുള്ള അത്യാധുനിക ഉപകരണങ്ങൾ സ്ഥാപിക്കൽ, പട്ടണക്കാട് കാലിത്തീറ്റ ഫാക്ടറിയിലെ പെല്ലറ്റ് മിൽ, അനുബന്ധ ഉപകരണങ്ങൾ എന്നിവയിലെ പഴകിയ യന്ത്രസാമഗ്രികൾ മാറ്റിസ്ഥാപിക്കൽ എന്നിവ നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ഹാമർ മിൽ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

മലമ്പുഴ കാലിത്തീറ്റ ഫാക്ടറിയിൽ പുതിയതായി ബൈപാസ് പ്രോട്ടീൻ പ്ലാന്റ്, ധാന്യങ്ങൾ സൂക്ഷിക്കുന്നതിനുള്ള പുതിയ സൈലോ സ്ഥാപിക്കുന്നതിനുള്ള നടപടികൾ, പട്ടണക്കാട് കാലിത്തീറ്റ ഫാക്ടറിയിൽ പുതിയ ഡി.ഒ.ആർ.ബി. സൈലോ സ്ഥാപിക്കുന്നതിനുള്ള നടപടികൾ എന്നിവയും സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ മലമ്പുഴ ഫാക്ടറിയിലെ പഴയ പെലറ്റ് മില്ലും മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടിയും കൈക്കൊണ്ടിട്ടുണ്ട്.

(സി) മിൽമയുടെ കീഴിൽ ആലപ്പുഴയിലുള്ള പട്ടണക്കാട് കാലിത്തീറ്റ ഫാക്ടറി, പാലക്കാട് ജില്ലയിലെ മലമ്പുഴ കാലിത്തീറ്റ ഫാക്ടറി എന്നിങ്ങനെ രണ്ട് കാലിത്തീറ്റ ഫാക്ടറികളാണ് പ്രവർത്തിക്കുന്നത്. ഈ ഫാക്ടറികളുടെ ഓരോന്നിന്റെയും സ്ഥാപിത ശേഷി പ്രതിദിനം 300 മെട്രിക് ടൺ ആണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ആകെ 1,26,769.14 മെട്രിക് ടൺ കാലിത്തീറ്റ മിൽമ വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 67,162.91 മെട്രിക് ടൺ മലമ്പുഴ കാലിത്തീറ്റ ഫാക്ടറിയിലും 59,606.23 മെട്രിക് ടൺ പട്ടണക്കാട് കാലിത്തീറ്റ ഫാക്ടറിയിലുമാണ് വിതരണം ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly